# ഭാരതത്തിന്റെ പരമോന്നത നീതിപീഠം

# സിവിൽ അപ്പലേറ്റ് അധികാരപരിധി

## സിവിൽ അപ്പീൽ നമ്പർ **996/2020**

**(**പ്രാരംഭം**:** സ്പെഷ്യൽ ലീവ് പെറ്റീഷൻ **(**സിവിൽ**)** നമ്പർ **17440/2019)**

| | | |
|---|---|---|
| യൂണിയൻ ഓഫ് ഇന്ത്യയും മറ്റൊരാളും | .... | അപ്പീൽ വാദി(കൾ) |
| | Vs. | |
| റോസമ്മ ബെന്നിയും മറ്റുള്ളവരും | .... | എതിർകക്ഷി(കൾ) |

വിധിന്യായം

അപ്പീൽ നൽകുവാൻ അനുവദിച്ചു.

2. കേരള ഹൈക്കോടതിയിലെ എറണാകുളം ബെഞ്ച് പുറപ്പെടുവിച്ച 24.05.2018 ലെ ആക്ഷേപം ഉന്നയിക്കപ്പെടുന്ന ഉത്തരവ്, യൂണിയൻ ഓഫ് ഇന്ത്യയും തിരുവനന്തപുരം സതേൺ റെയിൽവേയുടെ സീനിയർ ഡിവിഷണൽ പേഴ്സണൽ ഓഫീസറും കൂടി സമർപ്പിച്ച റിട്ട് ഹർജി തള്ളുകയും, ഞങ്ങൾക്ക് മുൻപിലുള്ള, യഥാക്രമം 1, 2, 3. എതിർകക്ഷികളായ റോസമ്മ ബെന്നിയും, ജെസ്സി എസ്. ബാബുവും, ശ്രീകല പി.വി.യും സമർപ്പിച്ച ഒ. എ. നമ്പർ:180/523/2014 അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ('ട്രൈബ്യൂണൽ', ചുരുക്കത്തിൽ) എറണാകുളം ബെഞ്ച് പുറപ്പെടുവിച്ച 13.10.2017 തീയതിയിലെ ഉത്തരവ് സ്ഥിരീകരിക്കുകയും ചെയ്യുന്നു.

3. 01.11.2003 മുതൽ എൻക്വയറി-കം-റിസർവേഷൻ ക്ലാർക്കുകൾ ('ഇ.സി.ആർ.സി.',ചുരുക്കത്തിൽ) ആയി പ്രവർത്തിക്കുന്നതിനാൽ, പരിഷ്ക്കരിച്ച അഷ്വേർഡ് കരിയർ പ്രോഗ്രഷൻ സ്കീമിന് ('എം.എ.സി.പി.',ചുരുക്കത്തിൽ) കീഴിൽ

സാമ്പത്തിക നവീകരണത്തിന് 1, 2, 3 എതിർകക്ഷികൾക്കു അർഹതയുണ്ടെന്നും ആയതിനാൽ ഇ.സി.ആർ.സി.യുടെ കേഡറിൽ പത്തുവർഷം പൂർത്തിയാക്കി എന്നും ഹൈക്കോടതി ആക്ഷേപം ഉന്നയിക്കപ്പെട്ട ഉത്തരവിൽ ഉത്തരവിറക്കി. അതനുസരിച്ച്, 01.11.2013 മുതൽ ശമ്പള ബാൻഡ്- II ൽ മൂന്നു എതിർകക്ഷികളേയും 4600 രൂപ ഗ്രേഡ് ശമ്പളത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ട്രൈബ്യൂണൽ നൽകിയ ആശ്വാസം ന്യായീകരിക്കുകയും ശരിവയ്ക്കുകയും ചെയ്യുന്നു.

4. എന്നിരുന്നാലും, ലിമിറ്റഡ് ഡിപ്പാർട്ടുമെന്റൽ കോംപറ്റിറ്റീവ് എക്സാമിനേഷൻ ('എൽ.ഡി.സി.ഇ.', ചുരുക്കത്തിൽ) ക്ലിയർ ചെയ്തതിനുശേഷം, യോഗ്യത നേടിയവരും പ്രൊമോഷൻ ക്വാട്ടയിൽ നിയമിതരുമായ ജീവനക്കാർക്ക് എം.എ.സി.പി. സ്കീമിനു കീഴിലുള്ള ആനുകൂല്യങ്ങൾ നൽകുന്നത് വ്യക്തമാക്കുന്ന, ഇന്ത്യൻ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് റെയിൽവേ മന്ത്രാലയം (റെയിൽവേ ബോർഡ്) പുറപ്പെടുവിച്ച 12.09.2012 ലെ സർക്കുലർ, ശ്രദ്ധിക്കുന്നതിലും പരിശോധിക്കുന്നതിലും ആക്ഷേപം ഉന്നയിക്കപ്പെട്ട ഉത്തരവ് പരാജയപ്പെടുന്നു. നോഡൽ ഡിപ്പാർട്ട്മെന്റിന്റെ പേഴ്സണൽ ആൻഡ് ട്രെയിനിങ് (ഡി.ഒ.പി.&ടി.) വകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യം പരിശോധിച്ചതിനു ശേഷമാണ് മേൽപ്പറഞ്ഞ വിശദീകരണം പുറപ്പെടുവിച്ചതെന്നും, ചുവടെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നതുമാണ്:

> എൽ.ഡി.സി.ഇ./ ജി.ഡി.സി.ഇ. വഴി യോഗ്യത നേടുന്ന ജീവനക്കാരുടെ കാര്യത്തിൽ, എം.എ.സി.പി-കൾക്ക് കീഴിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ടുകൊണ്ടു റെയിൽവേ സോണലിൽ നിന്ന് ശുപാർശകൾ ലഭിച്ചു. എം.എ.സി.പി- ലെ ഗവൺമെന്റിന്റെ നോഡൽ ഡിപ്പാർട്ട്മെന്റിന്റെ പേഴ്സണൽ ആൻഡ് ട്രെയിനിങ് (ഡി.ഒ.പി.&ടി.) വകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യം പരിശോധിച്ചിട്ടുള്ളതും, ഇനിപ്പറയുന്ന പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.
>
> (i) നേരിട്ടുള്ള നിയമനം വഴി ഒരു ഗ്രേഡിലെ ഒഴിവുകൾ നികത്തുന്നതിന് പ്രസക്തമായ ആർ.ആർ.പ്രകാരം വ്യവസ്ഥയുള്ള പക്ഷം, ഒരു ജീവനക്കാരനെ ആ ഗ്രേഡിലേക്ക് എൽഡിസിഇ / ജിഡിസിഇ വഴി ഉൾപ്പെടുത്തുന്നത്, എം.എ.സി.പി.എസ് ന് കീഴിൽ സാമ്പത്തിക നവീകരണം അനുവദിക്കുന്നതിനായി നേരിട്ടുള്ള നിയമനമായി കണക്കാക്കാം. അത്തരം സന്ദർഭങ്ങളിൽ, കുറഞ്ഞ ശമ്പള സ്കെയിലിൽ / ഗ്രേഡ് ശമ്പളത്തിൽ ചെയ്തിട്ടുള്ള മുൻകാല സേവനം എം.എ.സി.പി സ്കീം ആവശ്യത്തിനായി കണക്കാ-ക്കില്ല.
>
> (ii) പ്രസക്തമായ ആർ.ആർ. പ്രകാരം, എൽ.ഡി.സി.ഇ. / ജി.ഡി.സി.ഇ. യുടെ അടിസ്ഥാനത്തിൽ നികത്തേണ്ട-തായ ഒരു പ്രമോഷൻ ക്വാട്ടയിലുള്ള നിയമനത്തെ, എം.എ.സി.പി.എസ് ന് കീഴിലുള്ള ആനുകൂല്യത്തിനു -വേണ്ടി പ്രമോഷനായി കണക്കാക്കുമെന്നും, അത്തരം സന്ദർഭങ്ങളിൽ, മുൻകാല പതിവ് സേവനമുണ്ടെങ്കിൽ അതും എം.എ.സി.പി സ്കീമിനു കീഴിൽ, കൂടുതൽ ആനുകൂല്യങ്ങൾക്കായി കണക്കാക്കുന്നതാണ്.

ഇ. സി. ആർ. സി. ലേക്കുള്ള തസ്തികകൾ നികത്തുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യൻ റെയിൽവേ എസ്റ്റാബ്ലിഷ്മെന്റ് മാനുവൽ 1-)ം വാല്യം ഇനിപ്പറയുന്ന പ്രകാരം പ്രസ്താവിക്കുന്നു.

129.

(1) 1.1.96 മുതൽ, 4500-7000 രൂപ നിരക്കിലുള്ള, (ഇസിആർസി) വിഭാഗത്തിലെ എൻക്വയറി-കം-റിസർവേഷൻ ക്ലാർക്കുമാരുടെ പോസ്റ്റുകൾ ഇനിപ്പറയുന്ന പ്രകാരം നികത്തുന്നതാണ്: -

(i) 25%, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നേരിട്ടുള്ള നിയമനത്തിലൂടെ: കൂടാതെ

(ii) 75%, പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നവരിൽ ഉൾപ്പെടുന്നതും ഇസിആർസി ആയി നിയമിക്കപ്പെടാൻ അനുയോജ്യമായിട്ടുള്ളതുമായ യഥാക്രമം, (ആർ. എസ്. ആർ. പി.) 4000-6000 രൂപ ശമ്പള നിരക്കിലുള്ള സീനിയർ വാണിജ്യ ക്ലാർക്കുകൾ, സീനിയർ ടിക്കറ്റ് കളക്ടർമാർ, (ആർ. എസ്. ആർ. പി.) 3200-4900 രൂപ ശമ്പള നിരക്കിലുള്ള വാണിജ്യ ക്ലാർക്കുകൾ, ടിക്കറ്റ് കളക്ടർമാർ, (ആർ. എസ്. പി. പി.) 3050-4590 രൂപ ശമ്പള നിരക്കിലുള്ളവർ എന്നിവരിൽ നിന്നും പ്രൊമോഷൻ വഴി തിരഞ്ഞെടുക്കുന്നതിലൂടെ. യഥാക്രമം 3050-4590 രൂപ, 3200-4900 രൂപ എന്നീ ഗ്രേഡുകളിലെ വാണിജ്യ ക്ലാർക്കുകളും ടിക്കറ്റ് കളക്ടർമാരും, അതതു ഗ്രേഡിൽ, കുറഞ്ഞത് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം.

പ്രമോഷൻ ക്വാട്ട പ്രകാരം, മൂന്നു എതിർകക്ഷികളെയും ഇസിആർസി തസ്തികയിലേക്ക് നിയമിച്ചതായും, അവരുടെ നിയമനം, സേവനത്തിലേക്കുള്ള സാധാരണ / നേരിട്ടുള്ള നിയമനമായി കണക്കാക്കാനാവില്ലെന്നുമാണ് അപ്പീൽ വാദികളുടെ വാദം.

5. വെസ്റ്റേൺ റെയിൽവേയിലെ സ്പോർട്സ് ക്വാട്ട പ്രകാരം 260-400 രൂപ / 950-1500 രൂപ നിരക്കിൽ 01.04.1982 ന് ഒന്നാം നമ്പർ എതിർകക്ഷി റോസമ്മ ബെന്നിയെ ഓഫീസ് ക്ലാർക്കായി നിയമിച്ചു എന്ന് അപ്പീൽ വാദികൾ ട്രൈബ്യൂണലിന് മുമ്പാകെ സമർപ്പിച്ച മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അതിനുശേഷം, 13.02.1989 ന് സതേൺ റെയിൽവേയിലെ പാലക്കാട് ഡിവിഷനിലേക്ക് 290-430 രൂപ / 975-1540 രൂപ സ്കെയിലിൽ അവരെ വാണിജ്യ ക്ലാർക്ക് ആയി മാറ്റി. 14.08.1995 ന് (പിന്നീട് 28.12.1993 ലേക്ക് പരിഷ്കരിച്ചു), 1200-2040 രൂപ/ 4500-7000 രൂപ സ്കെയിലിൽ ഇസിആർസി-II ആയി അവർക്കു സ്ഥാനക്കയറ്റം ലഭിച്ചു. തുടർന്ന്, 02.01.2009 (പതിവ്) ഉം 01.11.2003 (പ്രോഫോർമ) ഉം മുതൽ 5000-8000 രൂപ സ്കെയിലിൽ ഇസിആർസി-I ആയി 1-)ം എതിർകകക്ഷിക്കു സ്ഥാനക്കയറ്റം നൽകി. അതുപോലെ, 2-)ം എതിർകകക്ഷി ജെസ്സി എസ്. ബാബുവിനെ, സൗത്ത് ഈസ്റ്റേൺ റെയിൽവേയിലെ ഓഫീസ് ക്ലാർക്കായി 02.03.1984 ന് 260 -400 രൂപ / 950-1500 രൂപ സ്കെയിലിൽ നിയമിച്ചു. 25.06.1986 ന്, അവരെ, 290-430 രൂപ / 975-1540 രൂപ സ്കെയിലിൽ, വാണിജ്യ ക്ലാർക്കായി സതേൺ റെയിൽവേയിലെ തിരുവനന്തപുരം ഡിവിഷനിലേക്ക് മാറ്റി. തുടർന്ന്, 14.03.1995 ന്, അവർക്ക് 1200-2040 രൂപ/ 4500-7000 രൂപ സ്കെയിലിൽ ഇസിആർസി-II ആയി സ്ഥാനക്കയറ്റം ലഭിച്ചു. 01.11.2003 ന് അവർക്ക്, 5000-8000 രൂപ സ്കെയിലിൽ ഇസിആർസി-I ആയി വീണ്ടും സ്ഥാനക്കയറ്റം ലഭിച്ചു. 13.03.1984 ന്, സൗത്ത് സെൻട്രൽ റെയിൽവേയിൽ 260-400 രൂപ / 950-1500 രൂപ സ്കെയിലിൽ ഓഫീസ്

ക്ലാർക്കായി 3-)ംഎതിർകകക്ഷി ശ്രീകല പി.വി. നിയമിക്കപ്പെട്ടു. 15.07.1987 ന്, സതേൺ റെയിൽവേയിലെ മദ്രാസ് ഡിവിഷനിലേക്ക് 290-430 രൂപ / 975-1540 രൂപ സ്കെയിലിൽ വാണിജ്യ ക്ലാർക്കായി മാറ്റി. അതിനുശേഷം, 22.08.1993 ന് 1200-2040 രൂപ / 4500-7000 രൂപ സ്കെയിലിൽ അവർക്കു ഇസിആർസി-II ആയി സ്ഥാനക്കയറ്റം ലഭിച്ചു. 01.11.2003 ന് 5000-8000 രൂപ സ്കെയിലിൽ ഇസിആർസി-I ആയി സ്ഥാനക്കയറ്റം ലഭിച്ചു.

6. എതിർകക്ഷികളുടെ കാര്യത്തിൽ, വാണിജ്യ ക്ലാർക്കുകളായി ട്രാൻസ്ഫർ ചെയ്തുകൊണ്ടുള്ള നിയമനം ആദ്യത്തെ പ്രമോഷനായി കണക്കാക്കാമോ എന്നു പരിശോധിക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് മേൽപ്പറഞ്ഞ നിലപാട് ഞങ്ങൾ പരാമർശിക്കുന്നു. "10, 20, 30 വർഷത്തെ സേവനം പൂർത്തിയാക്കുമ്പോൾ നേരിട്ടുള്ള പ്രവേശന ഗ്രേഡിൽ നിന്നും മൂന്ന് സാമ്പത്തിക നവീകരണം കണക്കാക്കപ്പെടും "എന്ന് പറയുന്ന, റെയിൽവേ മന്ത്രാലയം (റെയിൽവേ ബോർഡ്) പുറപ്പെടുവിച്ച 10.06.2009 ലെ സർക്കുലർ കണക്കിലെടുക്കുമ്പോൾ, നിലവിലെ എതിർകക്ഷികളിൽ എം.എ.സി.പി സ്കീം പ്രയോഗിക്കുന്നത് ബാധിച്ചേക്കാവുന്നതുകൊണ്ട് ഏതെങ്കിലും ശമ്പള സ്കെയിലുകളുടെ ലയനമോ / നവീകരണങ്ങളോ സംഭവിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. റെയിൽവേ മന്ത്രാലയം (റെയിൽവേ ബോർഡ്) പുറപ്പെടുവിച്ച 29.09.2010 ലെ തുടർ സർക്കുലറിൽ, എൻട്രി ഗ്രേഡിലെ തസ്തികയിൽ യഥാർത്ഥത്തിൽ ചേരുന്ന തീയതി മുതൽ എം.എ.സി.പി സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും എന്ന്, പോയിന്റ് തിരിച്ചുള്ള വ്യക്തത നൽകികൊണ്ട്, മറ്റു കാര്യങ്ങൾക്കിടയ്ക്ക് പറയുന്നുണ്ട്. സൂചിപ്പിച്ചതുപോലെ, 12.09.2012 ലെ സർക്കുലറിന്റെയും, മുകളിൽ ഉദ്ധരിച്ചിട്ടുള്ള ഇന്ത്യൻ റെയിൽവേ എസ്റ്റാബ്ലിഷ്മെന്റ് മാനുവലിന്റെ 1-)ം വാല്യത്തിലെ 129-)ം വകുപ്പിന്റെയും അടിസ്ഥാനത്തിൽ, ഇസിആർസി തസ്തികയിലേക്കുള്ള മൂന്ന് എതിർകക്ഷികളുടെ നിയമനവുമായി ബന്ധപ്പെട്ട് അന്വേഷണം ആവശ്യമാണ്.

7. ട്രൈബ്യൂണലും ഹൈക്കോടതിയും ആക്ഷേപിക്കപ്പെട്ട ഉത്തരവുകളിൽ ഈ വശങ്ങൾ പരിശോധിച്ചിട്ടില്ല. സാധാരണഗതിയിൽ ഞങ്ങൾ ചോദ്യം തീരുമാനിക്കുമായിരുന്നു, പക്ഷെ വസ്തുതകളെക്കുറിച്ച് വ്യക്തതയില്ലാത്തതിനാൽ വിശദാംശങ്ങളുടെ അഭാവത്തിൽ ഞങ്ങൾക്കു തന്നെ ബുദ്ധിമുട്ട് തോന്നുന്നു. മേൽപ്പറഞ്ഞ വശങ്ങൾ മനസ്സിൽ വച്ചുകൊണ്ട്, ഈ വിഷയങ്ങളിൽ ഒരു ചർച്ചയുമില്ലാത്തതിനാൽ, ഹൈക്കോടതിയും ട്രൈബ്യൂണലും പുറപ്പെടുവിച്ച ഉത്തരവുകൾ ഞങ്ങൾ തള്ളികളയുകയും, ഈ വിധി / ഉത്തരവിനാലും, ഹൈക്കോടതിയും ട്രൈബ്യൂണലും പുറപ്പെടുവിച്ച മുൻ ഉത്തരവുകളാലും സ്വാധീനിക്കപ്പെടാതെ, മെറിറ്റുകളിന്മേലുള്ള ഒരു പുതിയ തീരുമാനത്തിനും വിധിക്കും വേണ്ടി ട്രൈബ്യൂണലിലേക്ക് ഇക്കാര്യം റിമാൻഡ് ചെയ്യുകയും ചെയ്യുന്നു. അധിക സത്യവാങ്മൂലം സമർപ്പിക്കേണ്ട ആവശ്യമുണ്ടെങ്കിൽ,

അപ്പീൽ വാദികൾ: അതായത്, സതേൺ റെയിൽവേ, തിരുവനന്തപുരത്തെയും, എതിർകക്ഷികൾ: അതായത്, ട്രൈബ്യൂണലിന് മുമ്പിലുള്ള യഥാർത്ഥ അപേക്ഷകരെയും വിളിച്ചുവരുത്തിയ ശേഷം, ട്രൈബ്യൂണൽ വസ്തുതകളിലേക്കും നിയമത്തിലേക്കും സ്വതന്ത്രമായി ശ്രദ്ധ കേന്ദ്രീകരിക്കും.

8. മേൽപ്പറഞ്ഞ നിബന്ധനകളിൽ, ട്രൈബ്യൂണലിലേക്ക് റിമാൻഡ് ചെയ്യാനുള്ള ഉത്തരവോടുകൂടെ, ചിലവ് സംബന്ധിച്ച യാതൊരു ഉത്തരവുമില്ലാതെ, അപ്പീൽ അനുവദനീയമാണ്. കാലതാമസം കുറയ്ക്കാൻ വേണ്ടി, കക്ഷികളോട് 30.03.2020 നു അടുത്ത വാദം കേൾക്കുന്ന തീയതി നിശ്ചയിക്കാനായി ട്രൈബ്യൂണലിനു മുമ്പിൽ ഹാജരാകാൻ നിർദ്ദേശിക്കുന്നു.

................................ ജെ.

(S. ABDUL NAZEER)

................................ ജെ.

(SANJIV KHANNA)

ന്യൂഡൽഹി

2020 ഫെബ്രുവരി 4-)ം തീയതി

ബാധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം. അത് എല്ലാ ആവശ്യങ്ങൾക്കും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.